

TUESDAY 06/01/2026 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor: SINDHU. KS** **Editor: Dr. G.Pramodkumar**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 06/01/2026

1. കാലാവസ്ഥ അധിഷ്ഠിത വിള ഇൻഷുറൻസ് 2025 റാബി–II സീസൺ പദ്ധതിയിലേക്ക് അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി ജനുവരി 15 വരെ ദീർഘിപ്പിച്ചു. കാലാവസ്ഥ വ്യതിയാനങ്ങൾ മൂലമുള്ള കൃഷിനാശത്തിൽ നിന്നും കർഷകർക്ക് സാമ്പത്തിക സുരക്ഷ ഉറപ്പാക്കുക എന്നത് ലക്ഷ്യമിട്ടുള്ളതാണ് ഈ പദ്ധതി. കൂടുതൽ വിവരങ്ങൾക്ക്: www.pmfby.gov.in സന്ദർശിക്കുക അല്ലെങ്കിൽ അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. പ്രധാൻമന്ത്രി RKVY – PDMC പദ്ധതി പ്രകാരമുള്ള MIS പോർട്ടൽ തുടങ്ങുന്നതിന്റെ ഉദ്ഘാടനം ജനുവരി 7ന് രാവിലെ 11.30 ന് സെക്രട്ടറിയേറ്റ് നവകൈരളി ഹാൾ Anex –II ൽ വച്ച് കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിക്കുന്നു. ദേശീയ ഡിജിറ്റൽ ഗവേണൻസ് സംരംഭങ്ങളുമായി യോജിപ്പിച്ച് കാർഷിക മേഖലയിൽ ഘടനാപരവും സുതാര്യവുമായ ഗുണഭോക്തൃ സേവനങ്ങൾ പ്രാപ്തമാക്കുന്ന കേന്ദ്ര എംഐഎസ് പ്ലാറ്റ്ഫോമിന്റെ സംസ്ഥാനതല നടപ്പാക്കലിന്റെ തുടക്കമാണ് ഈ പരിപാടി സൂചിപ്പിക്കുന്നത്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. വെള്ളായണി കാർഷിക കോളേജിലെ Genetics & Plant Breeding വിഭാഗത്തിൽ മൂന്ന് അസിസ്റ്റന്റ് പ്രൊഫസർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. പ്രതിമാസം പരമാവധി വേതനം നിലവിൽ 44,100/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. കരാർ അടിസ്ഥാനത്തിൽ പരമാവധി ഒരു വർഷത്തേക്കോ, സ്ഥിരനിയമനം/ സ്ഥലംമാറ്റം മുഖേന ഒഴിവ് നികത്തൽ നടത്തുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ഉള്ള കാലയളവിലേക്കാണ് നിയമനം. യോഗ്യരായ ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസയോഗ്യത, പ്രവർത്തി പരിചയം, ജനന തീയതി, വയസ്സ്, ജാതി, മേൽവിലാസം തുടങ്ങിയവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റ്കൾ, തിരിച്ചറിയൽ രേഖ, സംവരണത്തിന് അർഹരാണെന്ന് തെളിയിക്കുന്ന രേഖകൾ – എന്നിവയുടെ അസ്സൽ, അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജ്, ഡീൻ ഓഫ് ഫാക്കൽറ്റിയുടെ ഓഫീസിൽ ജനുവരി 07-ന് (07/01/2026) രാവിലെ 09.30 മണിക്ക് ഹാജരാകേണ്ടതാണ്. വിശദ വിവരങ്ങൾക്ക് www.kau.in

എന്ന വെബ്സൈറ്റിലെ ടി നിയമനവുമായി ബന്ധപ്പെട്ടുള്ള വിജ്ഞാപനം കാണുക. ഫോൺ : 0471-2381002

## പരിശീലന പരിപാടി

4. വെള്ളാനിക്കരയിലെ കാർഷിക കോളേജിലെ കാർഷിക സ്ഥിതിവിവരക്കണക്ക് വകുപ്പുമായി സഹകരിച്ച് കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിലുള്ള സെന്റർ ഫോർ ഇ-ലേണിംഗ് (സിഇഎൽ) **'അഡ്വാൻസ്ഡ് ഡാറ്റ അനാലിസിസ് യൂസിംഗ് ആർ'** എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 2026 ജനുവരി 19 മുതൽ 23 വരെ ഉച്ചയ്ക്ക് 2 മുതൽ 5 വരെയാണ് പരിപാടി. രജിസ്ട്രേഷനുള്ള അവസാന തീയതി 2026 ജനുവരി 16 ആണ്. പരിശീലന ഫീസ് 1000 /- രൂപ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487 2438565, 8547837256, 9495943875 വെബ്സൈറ്റ് www.celkau.in ഈ മെയിൽ cel@kau.in

5. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറെ ആഭിമുഖ്യത്തിൽ **"മുയൽ വളർത്തൽ"** എന്ന വിഷയത്തിൽ 09/01/2026 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മണി മുതൽ 5.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ കൊണ്ടുവരേണ്ടതുമാണ്.

6. കേരള കാർഷിക സർവകലാശാല വെള്ളായണി കാർഷിക കോളേജ് സെന്റർ ഫോർ അഗ്രികൾച്ചറൽ ഇന്നവേഷൻ ആൻഡ് ടെക്നോളജി ട്രാൻസ്ഫർ CAITT Vellayani യുടെ ആഭിമുഖ്യത്തിൽ **പഴങ്ങൾ, പച്ചക്കറികൾ, അലങ്കാര സസ്യങ്ങളിലെ സസ്യപ്രജനന സാങ്കേതിക വിദ്യകൾ** എന്ന വിഷയത്തിൽ ജനുവരി മാസം 16, 17 തീയതികളിൽ പരിശീലനം നടത്തുന്നു. പരിശീലന ഫീസ് 3000/- രൂപ. കൂടുതൽ വിവരങ്ങൾക്ക് ഫോൺനമ്പർ 8891540778, ഇമെയിൽ caittvellayani@kau.in

7. കേന്ദ്ര ഗവണ്മെന്റിന്റെ MSME മന്ത്രാലയത്തിന്റെ ധനസഹായത്തോടെ കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇൻസ്ട്രക്ഷണൽ ഫാമിൽ വച്ച് **നഴ്സറി ടെക്നിക്സ്** എന്ന വിഷയത്തിൽ 2026 ജനുവരി- ഫെബ്രുവരി മാസങ്ങളിൽ നടത്താൻ ഉദ്ദേശിക്കുന്ന ആറാഴ്ചത്തെ സൗജന്യ പരിശീലന പരിപാടി യിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. പച്ചക്കറി- പഴവർഗ്ഗ- അലങ്കാര ചെടികളിലെ തൈ ഉല്പാദന രീതികൾ, ഗ്രാഫ്റ്റിങ്, ബഡ്ഡിങ്, ലയറിങ്, രോഗ കീട നിയന്ത്രണം, ഗാർഡനിങ്ങിലെ നൂതന പ്രവണതകൾ, ഉദ്യാന ചെടികളിലെ മൂല്യവർദ്ധനവ് എന്നിങ്ങനെ ചെടികളുടെ തൈ ഉല്പാദനവും വിപണനവും ആയി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ക്ലാസ്സുകളും പ്രായോഗിക പരിശീലനവും ലഭിക്കുന്നതാണ്. 30 പേർക്കാണ് അവസരം. സ്ത്രീകൾക്കും തിരുവനന്തപുരം ജില്ലയിൽ ഉള്ളവർക്കും മുൻഗണന ലഭിക്കുന്നതായിരിക്കും. താല്പര്യമുള്ളവർ 7994273491 എന്ന ഫോൺ നമ്പറിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 9 മുതൽ വൈകിട്ട് 4 വരെ ബന്ധപ്പെടുക.

**കാർഷിക നിർദേശം**

8. കശുമാവിൽ പൂവിടൽ പൂർത്തിയാകുന്ന മാസമാണിത്. ആദ്യം പൂത്ത ശിഖരങ്ങളിൽ കായ് പിടിത്തം തുടങ്ങി കഴിഞ്ഞിരിക്കും.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തേയില കൊതുക്, ഇലതുരപ്പൻ (ലീഫ് മൈനർ), തടിതുരപ്പൻ തുടങ്ങിയ കീടങ്ങൾക്കെതിരെ വേപ്പടിസ്ഥാനത്തിലുള്ള കീടനാശിനികൾ തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം